# പ്രതിച്ഛായകൾ

പ്രതിച്ഛായകൾ





ഡി.എഡ് രണ്ടാം വർഷം
ഡയറ്റ് പാലക്കാട്

# ഓർമകളിലൂടെ...



ഞാനെൻ മനസാകും ചില്ലു
ജാലകം
ഒന്നറിയാതെ തുറന്നുപോയ്
ഒഴുകിയെത്തുന്ന കുളിർതെ
ന്നലായ്
വന്നണയുന്നു
മധുരസ്മരണകൾ
വിടരുന്നു കൊച്ചുപൂവായ്
ബാല്യം
കൊഴിയുന്നു കാല
ചക്രങ്ങളാൽ
കണ്ണാരം
പൊത്തിക്കളിച്ചതും
കൊച്ചു-

കളകളമൊഴുകുമാ കൊച്ചരുവി തന്ന
അർദ്ധനഗ്നനായ് നീന്തിതുടിച്ചതും
കുസൃതിതൻ തിരമാല വാനോളമുയരുമ്പോൾ
ചൂരലിൻ ശിക്ഷണം പിതാവിനാലെ
ഓടിയൊളിച്ചതും അമ്മതൻ കാലിൽ
അള്ളി പിടിച്ചതുമോർക്കുന്നു ഞാൻ
തുടയിൽ ചൂരൽ ശിക്ഷണ രേഖകൾ
തടവി ഞാൻ ഏങ്ങിക്കരഞ്ഞതും
ചിന്നമ്മു തന്റെ കൊച്ചുകരങ്ങളാൽ
മിഴിനീർ മുത്തുകൾ ഒപ്പിയെടുത്തതും
ഇന്നെന്റെ ചിന്നമ്മു; സഹധർമ്മിണിയായവൾ
ജീവിത പൂന്തോണി ഒരുമിച്ചു തുഴയുന്നു...

**-ചിത്ര.ടി.സി**

ഡി.എഡ് രണ്ടാം വർഷം

# ജീവിതം ഒരു സന്ദേശം



ഹേ ശലഭമേ...!
ജന്മം കൊണ്ടൊരു
പുഴുവായിരുന്നുവോ നീ...
ആരു പറഞ്ഞു
ദൈവം ഒരു
കലാകാരനല്ലെന്ന്
വെറുപ്പിൽ വെന്തനിൻ
പുനർജന്മകഥയെന്തിന്
നീ ഇന്നൊരു
ചിത്രശലഭമല്ലയോ?
വർണ്ണങ്ങൾ
വാരിവിതറിയ
നിന്നാടകൾക്കെന്തുഭംഗി

നിൻ ജനനം ഒരു പുഴുവായ്..
കാലം നിന്നെ ശലഭമാക്കി മാറ്റി
വർണ്ണങ്ങൾ വാരിയ നിൻ ആടകണ്ട്
നിന്നെ പുച്ഛിച്ചവരിപ്പോൾ
ആനന്ദം കൊള്ളുന്നു
വെറും ഭംഗിയിലെന്തിരിക്കുന്നു
ഹേ ശലഭമേ;നീ എനിക്കേകിടുന്നു
ചെറു വിശ്വാസത്തിൻ തീ നാളം
കാലങ്ങളായി പുകഞ്ഞുകൊണ്ടിരിക്കുമെൻ
ഹൃദയത്തിലേക്ക്
നിൻ ജീവിതം ഒരുസന്ദേശമായ് എനിക്കു
നൽകിയതീ കാലം സാക്ഷി...

**ദിവ്യ വി**

ഡി.എഡ് രണ്ടാം വർഷം
ഡയറ്റ് ആനക്കര
പാലക്കാട്

# ചിരി



ചിരിയുടെ അലയിൽ ഞാൻ
സ്വയംമറന്നുപോയ്
ചിരിയാണ് എന്നുടെ ആത്മസന്തോഷം
ഉള്ളിലെ വേദനയകറ്റുവാൻ ചിരിനമ്മുടെ
മറക്കുടയല്ലോ
നാം ജീവിപ്പൂചിരിയുടെ അലയിൽ
നാം ജീവിപ്പൂ ചിരിയുടെ തണലിൽ

**ഹർഷ സി.പി**
ഡി.എഡ് രണ്ടാം വർഷം
ഡയറ്റ് ആനക്കര
പാലക്കാട്

# അന്നും ഇന്നും



അന്നു ഞാൻ മണ്ണിൽ
ഓടിക്കളിച്ചു
ഇന്നു ഞാൻ അവിടെ
കട്ട പതിച്ചു
അന്നു ഞാൻ മരങ്ങൾ
വച്ചു
ഇന്നു ഞാൻ ആ മര
ങ്ങൾ വെട്ടി
അന്നു ഞാൻ വെള്ളം
മധുപോൽ നുണഞ്ഞു
ഇന്നു ഞാൻ വെള്ളം
വിഷമായ് ചമച്ചു
അന്നു ഞാൻ മണൽ
വാരി കളിച്ചു

ഇന്നു ഞാൻ മണൽ കോരിയെടുത്തു
അന്നു ഞാൻ കുന്നു കണ്ടു രസിച്ചു
ഇന്നു ഞാൻ കുന്നു മാന്തിയെടുത്തു
അന്നു ഞാൻ വീട് സ്വർഗ്ഗമായ് ക ണ്ടു
ഇന്നു ഞാൻ വീട് നരകമായ് തീർത്തു

**-ജുബി.സി.പി**
ഡി.എഡ് രണ്ടാം വർഷം
ഡയറ്റ് ആനക്കര
പാലക്കാട്

# നിശാസ്വപ്നം

നിലാവൊഴുകുന്ന രാത്രിയിൽ
എകയായ് നിരാലംബയായ്



ഒരുനാൾ അവൾ ഉമ്മറപ്പടിയിലിരിക്കവെ
മിഴികളിൽ നിന്നുതിർന്നു വീഴുന്ന
കണ്ണുനീർമുത്തുകൾ ആരോടോ
എന്തോമൊഴിയുന്നുായിരുന്നു
പാതിമയങ്ങിയ മനസ്സുമായ്
മുറ്റത്തൊഴുകുന്ന അരുവിയിലേക്കവൾ
അറിയാതെ കണ്ണെറിയവെ അവളുടെ
മിഴികളിലലിഞ്ഞൊരാ താരത്തെ
അറിയാതെ ഒരുപാട് സ്നേഹിച്ചുപോയ്
നിശയുടെ സൗന്ദര്യത്തിനഴകേകുന്നൊരാ
താരകം അവളെ നോക്കി കണ്ണുചിമ്മി
ആരോടോ പറയുവാൻ കൊതിച്ച സ്വകാര്യവും
ആരോ നൽകിയ ദു:ഖങ്ങളും
ആരോടോ പങ്കുവയ്ക്കാനുള്ള സ്വപ്നങ്ങളുമെല്ലാം
താരകത്തിനായ് അവൾ സമ്മാനിച്ചു
അവളുടെ ആശകൾക്ക് താരലോകം സ്വാഗതമേകി
ഓർമയുടെ തുവൽസ്പർശം അവളുടെ
മിഴികളെ തഴുകിയ വേളയിൽ
മധുരമായവൾ മന്ദസ്മിതംതൂകി
ഒരുപാട് സ്വപ്നങ്ങൾക്ക് കൂട്ടായി
വീണ്ടുമൊരു സ്വപ്നംകൂടി
അറിയാതെയവൾ കൊതിച്ചുപോയ്
സ്വപ്നങ്ങളെല്ലാം യാഥാർത്ഥ്യമായെങ്കിലെന്ന്...

***-ലിജിന***



# ചക്രങ്ങൾ

ചക്രവർത്തികളാകുന്ന നിമിഷം
രണ്ട് ചക്രം കയ്യിലുണ്ടായിരുന്നെ
ങ്കിൽ ചക്രവർത്തിയെ
ഭരിക്കാനുള്ള അനുവാദം
ചോദിക്കാൻ
അഡ്വാൻസെങ്കിലും
കൊടുക്കാമായിരുന്നു

**കദീജ വി.യു**
ഡി.എഡ് രണ്ടാം വർഷം
ഡയറ്റ് ആനക്കര
പാലക്കാട്



# വിദ്യാലയം



ആൽമരച്ചുവട്ടിലെ ആര്യമുനിമാരും
ആകാശഗോളമാം ആദിത്യദേവനും
ആദ്യഗുരുകുല വിദ്യപകർന്നവർ
അളക്കുവാനാകാത്ത വേദം പഠിച്ചവർ.
അരികൊണ്ട് വിരലിനാൽ
ഹരിശ്രീകുറിച്ചവർ
അടികൊണ്ടറിയാതെ പഠിച്ച
പാഠങ്ങളിൽ
ആശാനെ ആചാരമായി തെറ്റിധരിച്ചവർ
അവർപോലുമറിയാതെ
ആഴത്തിലാഴ്ന്നുപോയ്-
ഗുരുവെന്ന സത്യം മറന്നുജീവിച്ചവർ.
ഒന്നിച്ചിരുന്നവർ വിദ്യപഠിച്ചവർ
ആയോധനത്തിൽ അഭ്യസ്തരായവർ
വാസ്തുകലകളും ശില്പ പണികളും
വെറുപ്പോടെയെങ്കിലും സ്വന്തമാക്കിയവർ
കാലം കടന്നുപോയ് നാളുകൾ കൊഴിഞ്ഞുപോയ്
അധ്യാപനത്തിന്റെ രീതികൾ മാറിപോയ്..
ഒന്നിച്ചുകൂടി ആ പഴയ ഗുരുകുലവാസികൾ
ഇന്നത്തെ വിദ്യാലയങ്കണത്തിൽ
കാത്തിരുന്നു ക്ഷമ നശിച്ച
ഗുരുവിനെ ഒരു വട്ടം കൂടി കാണാൻ
ഒടുവിൽ വന്നു പാന്റ്സും ഷർട്ടും
ഒരു കണ്ണടയും
കണ്ണടക്കടിയിലായ് ആ പഴയരൂപം
പക്ഷേ ഒന്നു മാത്രം മാറി
ആ മുഖത്ത് ഒരു പുഞ്ചിരി പടർന്നിരിക്കുന്നു.

**മണികണ്ഠൻ.കെ.സി** ഡി.എഡ് രണ്ടാം വർഷം
ഡയറ്റ് പാലക്കാട് ആനക്കര

# അമ്മ

അമ്മിഞ്ഞപ്പാലിൻ മാധുര്യം
ആദ്യമായ്  ഞാൻ നുകർന്നു
അമ്മതൻ നെഞ്ചിൻ ചൂടേറ്ററങ്ങവെ
അറിയുന്നു നീറുന്ന നെഞ്ചിടിപ്പ്..
ഇന്നുമെൻ ആത്മാവിൽ മിന്നിതിളങ്ങുന്ന
നറുനിലാദീപമാണെന്റെയമ്മ
അറിവിൻ അക്ഷരലോകത്തേക്ക്
ആദ്യമായ് കൈപിടിച്ചുയർത്തിയമ്മ

കുഞ്ഞിളം കൈയ്യിനു
താങ്ങായ്
തണലായ്
മെഴുകുതിരിപോൽ
ഉരുകുമമ്മ
സ്നേഹത്തിൻ



കടലാഴമാണമ്മ
നന്മതൻ കൊടുമുടിയാണെന്നമ്മ
ഒരുനാളും മങ്ങാത്ത സൂര്യകിരണം പോൽ
ഒരുനാളും വാടാത്ത നറുനിലാ പുഷ്പംപോൽ
ഒളിമങ്ങിടാതെ മനസിന്റെയൊരു കോണിൽ
കത്തിജ്വലിക്കുന്ന വിളക്കാണമ്മ....

**ശ്രീതു മാധവ്**

# *കൊഴിയുന്ന ജീവൻ*

*ഇന്നലെ ഞാൻ കണ്ടു
മുറ്റത്തെ ചെടി പൂവിട്ടിരിക്കുന്നു
പൂവിതൾ കൊഞ്ചൽ തൻ
കുളിരാൽ എൻ ഹൃദയം  വിരിഞ്ഞു
മണിരത്നം പതിച്ച മിഴികളോടെ
എന്നെ നോക്കി ചിരിച്ച പൂ..
ഞാനറിഞ്ഞില്ല, ഇന്ന് എന്നിൽ-
നിന്ന് കൊഴിയുമെന്ന്
അതെ ! രത്നം പതിച്ച കവിളിൽ
ഒരു തുള്ളി കണ്ണീരായ്
കാലമാം വീഥിയിൽ-
ഇനി എത്ര ജന്മങ്ങൾ
ഇങ്ങനെ വിരിഞ്ഞു കൊഴിയുന്ന
ഈ കൊഴിച്ചിൽ
ഉണ്ടെന്നറിഞ്ഞെങ്കിൽ
എന്തിനീ ഭൂമിയിൽ വിരിഞ്ഞു*



***മൻസൂറ എം.കെ***
*ഡി.എഡ് രണ്ടാം വർഷം
ഡയറ്റ് ആനക്കര
പാലക്കാട്*

# സൗഹൃദം

നാം പോയ വഴികളിൽ
ഇനിയും തുടരട്ടെ



വിധിതൻ മഹാമാരി
കാലങ്ങൾ കടന്നുപോകിലും
അറിവിന്റെയാഴിയിൽ
നിറയട്ടെ
വർണ്ണ മുത്തുകൾ
നമ്മൾ കൊഴിയുമീ
നേരമിതങ്ങനെ-
വിടരുന്ന ഇതളുകൾ

സൗഹൃദം താണ്ടിയ വഴികളെ
ഇനിയും കാലൊച്ച
പതിയെ ഉണർത്തിടട്ടെ
ബാക്കിയായ അറിവിന്റെ താളുകൾ
തേടിയാത്രയാകുന്നിതാ സൗഹൃദങ്ങൾ...

**നിഖില**
ഡി.എഡ് രണ്ടാം വർഷം
ഡയറ്റ് ആനക്കര
പാലക്കാട്

# മരണത്തെ പ്രണയിച്ച പെൺകുട്ടി



എന്തെന്നറിയാത്തൊരു വിഷമം
കാരണമില്ലാത്തൊരു വേദന
കണ്ണുകളിൽ കണ്ണുനീർതുള്ളികൾ-
തിരയടിക്കുന്നു...
ഞാൻ ഒരിക്കലുമിങ്ങനെ വിഷമിച്ച-
പോയിട്ടില്ല
വിരൽ തുമ്പുകൾ നിശ്ചലം
കടലാസു തുണ്ടുകൾ ശൂന്യം
കണ്ണിലേക്ക് ഇരുട്ടുകയറുന്നു
അതെ, ഞാൻ മരണത്തെ പ്രണയിക്കുന്നു...
നിന്റെ ലോകത്തേക്ക് പോകാൻ ഞാൻ-
കാത്തിരിക്കുന്നു...!
മരണമേ...നീ അറിയുന്നില്ലേ-
എൻ കാത്തിരിപ്പ്-
ഒരു തെന്നലായ് വന്നെന്നെ-
നിന്നിലേക്ക് ലയിപ്പിക്കൂ...
ഞാൻ നിന്നെ പ്രണയിക്കുന്നു...

**നിഷാന പികെ**
ഡി.എഡ് രണ്ടാം വർഷം
ഡയറ്റ് ആനക്കര

# ജീവിതം



ജീവിതം മഹാസാഗരം
സുന്ദരമാം യാത്ര
ദു:ഖവും ആനന്ദവും ഇഴചേരും
പാത
നദിയുടെ അലപോലെ
വിശ്രമരഹിതം അത്...

**റീഫ സി**

# പള്ളിക്കൂടം



കേട്ട് കേട്ട് പഠിക്കുന്ന
പാഠത്തിൽ
പാട്ടുകളായി കിളികളുണ്ട്
കാട്ടിലു മുണ്ട് വീട്ടിലുമുണ്ട്
നാട്ടിലുമുണ്ട് കളിക്കൂട്ടുകാർ

പാടുന്ന പാട്ടിലെ ആദ്യത്തെ പുസ്തകം
ആദ്യമായ് വിദ്യാലയത്തിൻ വഴികൾ
വിദ്യാലയത്തിൽ നിന്ന് എത്തിടും
നാട്ടിലെ വീട്ടിലെ എന്നുമെൻ കൂട്ടുകാർ
നാട്ടിലെ കൂട്ടുകാർ വീട്ടിലെ കൂട്ടുകാർ
പിന്നെയായ് വിദ്യാലയത്തിൻ വഴികൾ
മായില്ല മായില്ല എപ്പോഴും
എന്നിലെ വിദ്യാലയത്തിൽ വഴികൾ...

**സൽമത്ത് എം**
ഡി.എഡ് രണ്ടാം വർഷം
ഡയറ്റ് ആനക്കര
പാലക്കാട്

# വിധി

ആശകളൊരുപാടു പേറി
തേടാതെ എന്തോ നേടി
നവദാമ്പത്യമായത് മാറിയെന്നാൽ
ബന്ധങ്ങൾ ബന്ധനങ്ങളായ് മാറിയതെന്തേ...
ആർദ്രമാം സ്നേഹക്കടലിൽ മുങ്ങിത്തപ്പി
മുത്തുകണക്കെ വാരിയതെല്ലാം
മിഴിനീർത്തുള്ളികളായിരുന്നു...
നിരാശയോടെൻ ഹൃദയമതേറ്റുവാങ്ങി...
അന്ധകാരം നിറഞ്ഞലോകത്ത്
ആത്മവ്യഥയാൽ പുളയുമെൻ മനം
കാതോർക്കുന്നൊരീ സ്വരം
സദാ..., നീയാണ് ഹതഭാഗ്യവതി...

**സലീന കെ.കെ,** ഡി.എഡ് രണ്ടാം വർഷം

# എന്റെ ലോകം   നാളേക്ക് വേണേൽ....!



അറിവിന്റെ
പുസ്തകത്താളുകൾ
ആദ്യമായ്
പതിയെ ഇന്നുഞാൻ കുഞ്ഞു
കയ്യാൽ
അറിവിന്റെ പടിവാതിലിൽ
ആദ്യമായ് തുറന്നപ്പോ-
ളറിഞ്ഞില്ല അറിവൊരു
സാഗര മാണെന്ന്
അറിവിന്റെ കടലിൽ നിന്നൊ-
രുത്തുള്ളി ജലമെന്റെ-
മനസ്സിൽ പതിപ്പിച്ച അന്നാദ്യമായ്
അന്നുതൊട്ടിന്നോളമറി -
വിന്റെ സാഗരതിരകൽ നീന്തി-
ത്തുടിക്കുന്നു ഞാൻ
അറിവാണ് ജീവിതം
അറിവാണ് സർവ്വം
അറിവിന്റെ ലോകമാണാനന്ദവും

**സൽമത്ത്**
ഒ.പി
ഡി.എഡ് രണ്ടാം വർഷം
ഡയറ്റ് ആനക്കര
പാലക്കാട്

ജീവിത സായാഹ്നയാത്രയാം വേളയിൽ
കണ്ടു ഞാൻ പലമുഖം പലവഴി പലചിരി ചുണ്ടിൽ
ഇടറുന്ന വഴിയിലെ കൊഴിയുന്ന ശിശിരത്തിൽ
പൊഴിയുന്നിതാ മുല്ല പലതരം കോണിൽ

വാനിലെ നക്ഷത്രജാ
ലമാം ലോകത്തിൽ
കാണുന്നിതാ കുഞ്ഞു
വിസ്മയലോകം
മഴ പെയ്ത്ത വാനിൽ
കുളിർന്നൊരാ മേഘങ്ങൾ
ചൂളി പിടിച്ചതാ
ഓടിമാഞ്ഞിടുന്നു
വാനിലെ നിശ്വാസമായീ
ലോകത്തെ
ഭ്രമിയുമായൊന്നു തട്ടിച്ചു നോക്കു



നെഞ്ചകം കുളിർക്കുന്ന സന്തോഷമാണോ?
നെഞ്ചകം പൊള്ളുന്ന വേദനയാണോ?
അമ്മയാം ഭ്രവിനെ കൊല്ലുന്നു നിങ്ങൾ
പിറന്ന മണ്ണിനെ വഞ്ചിപ്പു നിങ്ങൾ
ജീവിതം ജീവനായ് വേണമോ നിങ്ങൾക്ക്
വേണമേൽ രക്ഷിപ്പൂ  അമ്മയാം ഭുവിനെ...

**സൂര്യ**
ഡി.എഡ് രണ്ടാം വർഷം
ഡയറ്റ് ആനക്കര
പാലക്കാട്

# ഓർമ്മകൾ പടിയിറങ്ങുമ്പോൾ

ചരിത്രമുറങ്ങുന്ന മണ്ണിൽ
കൈകോർത്തു നിൽക്കുന്ന മാമരത്തണലിൽ
ആഞ്ഞടിച്ച സൗഹൃദത്തിരകളാൽ
ചരിത്രമുറങ്ങുന്ന മണ്ണിലൂടെ കൈകോർത്തുവരുമ്പോൾ



മുറുക്കിപ്പിടിച്ച കടലാസുകെട്ടുമായി
ലക്ഷ്യത്തിലേക്ക് നടന്നടുക്കുമ്പോൾ
യാത്രയുടെ തിരശ്ശീല
ഇവിടെയുയരുന്നു
എവിടെ നിന്നോ പറിച്ചുനട്ട
വൃക്ഷത്തെപ്പോലെ
തിരിച്ചുവരാത്ത ഓരോ നിമിഷം
മരിച്ചുക്കൊണ്ടരിക്കുമ്പോഴും
സൗഹൃദമെന്ന വേരുകളിൽ തുടിക്കുന്ന
പുതുജീവൻ
എന്നും നിലനിർത്തിപ്പോരാൻ
കഴിഞ്ഞു
സൗഹൃദത്തിലലിഞ്ഞ സ്നേഹവും ഒത്തൊരുമയും
എന്നും നിലനിന്നിരുന്നു.....
പക്ഷേ......
മനസ്സിലെവിടെയോ ഒരു കോണിൽ തേങ്ങൽ
മാത്രമായി കേൾക്കുന്നു
ഇനിയും എത്രനാൾ ഇങ്ങനെ
കൈകോർത്തുനടക്കനാവും......

**വിദ്യ.വി**

# അമ്മ

ഓർക്കുവിൻ നിങ്ങളീ-
ഭൂമിയിലെങ്ങനെ പിറന്നു നാം
ഭൂമിയൊരമ്മയായി താരാട്ടുപാടുന്നു
വാത്സല്യനിറക്കൂട്ടിൽ നമ്മെ ഉണക്കുന്നു
എന്നിട്ടുമെന്തേ അറിയാതെ പോകുന്നു
ഈ അമ്മതൻ നോവ്.........

**അനീഷ**



# സ്വർഗ്ഗമാം തറവാട്

തറവാട്ടു മുറ്റത്തെ
തുളസിത്തറയിലെ
നിലവിളക്കെങ്ങനെ
അണഞ്ഞു
ഐശ്വര്യ ദേവത നൃത്തം
ചവിട്ടിയ
തറവാടിതെങ്ങു മറഞ്ഞു

കൂട്ടുകുടുംബത്തെ ഒന്നായ് നയിച്ച
പ്രായം തികഞ്ഞൊരു കാരണവർ
മുത്തശ്ശിയോർത്തു തെളിമയായ് നിൽക്കുന്ന
തൻയൗവ്വന കാലത്തെ തേനൂറും ഓർമ്മകൾ
എൻ സ്വർഗ്ഗമാം തറവാട്

**ആതിര.ഇ.പി**



# അനാഥശബ്ദങ്ങൾ

## നാലുമണിപ്പൂ

നാലുമണിപ്പൂ വിരിഞ്ഞു
നാട്ടിൻ പുറത്ത്
നാലു കെട്ടിനകത്തെ
തമ്പുരാട്ടി............
നാടോടിപ്പാട്ടുകൾ
താളത്തിൽ
ഈണത്തിൽമീട്ടി
പാടുന്നതാർക്കുവേണ്ടി..

**കാളി**

ഇരുളിന്റെ മറവിൽ കനിവിന്റെ
മുഖം മൂടയണിഞ്ഞ മൗനം
താഴിട്ടുപൂട്ടിയ മനസ്സിന്റെ
വാതിലിൽ മുട്ടിവിളിക്കുന്നു.
പൊൻ പ്രതീക്ഷകൾ
ഏതോ കോണിൽ നിന്നാരോ
പറഞ്ഞു, തുടരൂ പ്രയാണം
തുടരൂ പരിശ്രമം വിജയം
സുനശ്ചിതം

**ഭവിത**



## പള്ളിക്കൂടം

അടിവേണ്ട വടി വേണ്ട കണ്ണുരുട്ടൽ വേണ്ട
അറിയാതെ നിറവോടെ ചേർക്കും വിദ്യയെ
അധ്യാപകൻ അരികിൽ ചേരുന്ന ചങ്ങാതി
അഴലുകളറിയുന്ന അറിവിൻ നിറദീപം
അകത്തളമല്ലിന്ന് വിദ്യതൻ ഉറവിടം
ആകെയീലോകത്തിൽ നിറയുന്ന പ്രഭയിത്
ആടിയും പാടിയും ദിനങ്ങൾ കൊഴിയവെ
അറിയുന്നു വിദ്യയെ അറിയുന്നെൻ ഗുരുവിനെ
അടിയും ഗുരുവും എങ്ങോ മറഞ്ഞപ്പോൾ
അതിനൊപ്പം പോയ് മറഞ്ഞതെന്തൊക്കെ.....!

**സുജിത.പി.പി**

## തേന്മാവ്

ഓടിക്കളിക്കുമെൻ ബാല്യങ്ങളിൽ
മധുരമൂറും മാമ്പഴത്തിനായ്
കൊതിച്ചു ഞാൻ,
തേന്മാവിൻ ചില്ലകളിൽ എന്നെനോക്കി
ചിരിച്ചുകൊണ്ട് കാറ്റത്താടി രസിച്ചു മാമ്പഴങ്ങൾ
എന്നിട്ടും കിട്ടിയില്ല എനിക്കൊരു മാമ്പഴം
എൻ വിഷമം കണ്ട് മനസ്സലിഞ്ഞുപോയ്
അണ്ണാറക്കണ്ണന്,തന്നു എനിക്കൊരു തേനൂറും മാമ്പഴം......

**നീതു**

# കേരളം



എത്ര മനോഹര കേരളം
പച്ചപ്പുതപ്പ് ചാർത്തിയ
കേരളം
മലകൾ നിറഞ്ഞ പുഴകൾ
ഒഴുകുന്ന
എന്റെ സുന്ദര കേരളം
മഞ്ഞിൽ മൂടിയ കേരളം
മഴയും വെയിലും തിളങ്ങും

കേരളം
എത്ര മനോഹരം എത്ര സുന്ദരം
എന്റെ കേരളം.....

**മായ.സി.കെ**

## അമ്മ

ജീവന്റെ ജീവനാണെന്റെയമ്മ
നേരിന്റെ ദീപമാണെന്റെയമ്മ
ആ ദീപശിഖയിൽ തെളിയുന്ന
ഒരു നറുവെട്ട മാണെന്നും ഞാൻ
നിറദീപമാണെന്റെയമ്മ
അഖിലവും നീ തന്നെ അമ്മ
നിത്യവും കണികാണുമെൻ അമ്മയെ
ആ ദിനം ശുഭമായ് ഭവിക്കുമെന്നിൽ
പ്രകൃതിയാണമ്മ ദേവിയാണമ്മ



എൻ പ്രിയ ചങ്ങാതിയാണമ്മ
നിറതിങ്കൾ കലയാണെന്റെയമ്മ
എൻ വീടിൻ നിറദീപമെന്റെയമ്മ

**രേഷ്മ.കെ**

## പെൺപൈങ്കിളി

നീട്ടിയടിക്കുന്ന മണിനാദം കേൾക്കവേ
കൂടൊഴിയുന്ന കൊച്ചിളംകിളികൾ
അതിലുണ്ടൊരുകിളി കുഞ്ഞിക്കിളിയവൾ
ഏകയായ് മൂകയായ് പോകുന്നേരം
അമ്മയില്ല കൊച്ചനുജനില്ല വീട്ടിൽ
ഒറ്റക്കുപാവമാ പെൺപൈങ്കിളി
കുളികഴിഞ്ഞീറനായ് നാമം ജപിച്ചി-
ന്നധരത്തിൽ സ്വരങ്ങൾ
പൊഴിച്ചിടുമ്പോൾ
ഏതോ കരാളമാം ഹസ്തത്തിൻ
മുന്നിലായ് വേദനയോടവൾ
കുമ്പിടുന്നു
പാറിപ്പറക്കുന്ന വർണ്ണച്ചിറകുകൾ
കരയുന്ന പേടിച്ചരണ്ടിടുന്നു
ഇനിയുണ്ടോ നല്ലൊരു ലോകമെനിക്കിനി
മെല്ലെയാപൈങ്കിളി തേങ്ങിടുന്നു.......



**ശ്രുതി**

## കൊച്ചുപൂവ്

കൺതുറന്നു നോക്കുന്ന കൊച്ചുപൂവേ
നിൻ പുഞ്ചിരി വിടരുന്നിതാ കൊച്ചുപൂവേ
എത്രയോ നാളിന്ന് കാത്തിരിപ്പു ഞാൻ
കണ്ടോട്ടെ കണ്ടോട്ടെ മിഴിനിറഞ്ഞു ഞാൻ

എത്രനാളിന്നു ഞാൻ കണ്ടിരിപ്പു നിൻമുഖം
എത്ര നാളായ് ഞാൻ ആഗ്രഹിച്ചു നിൻമുഖം
കണ്ടുഞാൻ കണ്ടുഞാൻ നിർവൃതികൊള്ളട്ടെ
കൺതുറന്നുനോക്കുന്ന കൊച്ചുപൂവേ

**സുചിത്ര.വി**

# പ്രപഞ്ചസത്യം



യാത്ര പോവുകയല്ല
യാത്രയാണ് പ്രധാനം
എവിടെ നിന്ന്
തുടങ്ങിയതാണെന്ന്
അറിയുന്നില്ല
ആരോടെല്ലാം യാത്ര
പറഞ്ഞതെന്ന്
തിട്ടപ്പെടുത്താൻ കഴിയുന്നില്ല
ഇനി ആരോടെല്ലാം
പറയേണ്ടി വരും എന്നും
വഴികളെല്ലാം ഒരു പോലെയാണ്
സംഗതി ഇപ്പോഴാണ് മനസ്സിലായത്
ഭൂമി ഉരുണ്ടതാണ്!

**സന്ധ്യ.ടി.പി.**

# ബാല്യം

ഓർമ്മയിൽ നിന്നൊരു ഇതൾ വിരിഞ്ഞപ്പോൾ
ഒരു ചിത്രശലഭം പറന്നുപോയി
അതുചെന്നിരുന്നതോ
ബാല്യത്തിൻ ചില്ലമേൽ
ഓർക്കുന്നു ഞാനെന്റെ ബാല്യക്കാലം
വഴിയമ്പലത്തിലൂടെ നടന്നുനീങ്ങി
പൂക്കളും കായ്കളും പറിച്ച്
ആർത്തുല്ലസിച്ച് നടക്കുമെൻ ബാല്യം
പഴയ ഓർമ്മകൾ തൻ മണംനുകരും
വിദ്യാലയം
ചിത്രംവരച്ചും കലഹിച്ചും
ഓടിക്കളിച്ച വരാന്തകൾ
ഓർക്കുന്നു ഞാനെന്റെ ബാല്യക്കാലം
ഓർമ്മകൾ തന്നൊരു ബാല്യക്കാലം

**ശാരിക**

# പ്രതിഫലനം



*രണ്ടു വർഷത്തെ ഭാഷാനുഭവങ്ങൾ അധ്യാപക വിദ്യാർത്ഥികളിലുണ്ടാക്കിയ മാറ്റത്തിന്റെ പ്രതിഫലനമാണ് ഈ ബ്ലോഗ് മാസിക. കുട്ടികളെ സർഗചിന്തയിലേക്ക് നയിക്കേണ്ട നാളത്തെ അധ്യാപകരുടെ രചനകളുടെ ശൈലി പ്രതീക്ഷാ നിർഭരമാണ് . സ്ഥിര രചനാരീതിയുടെ പതിവുമാറ്റി കുറെക്കൂടി ആഴത്തിലുള്ള സമീപനമാണ് ഇതിൽ കാണുന്നത.കവിതകൾക്ക് ആശയനിറവും കാവ്യഭംഗിയും ,ചിന്തയുടെ കരുത്തും ഉണ്ട.സാമൂഹ്യാവസ്ഥയും ആകുലതകളും വാക്കായി രൂപാന്തരപ്പെടുന്ന പ്രക്രിയ കൗതുകമുളവാക്കുന്നു..*

*ഓരോ കുട്ടിയും തങ്ങളെ അടയാളപ്പെടുത്തുന്ന ഈ സമാഹാരം നിങ്ങളുടെ മുന്നിൽ അഭിമാനത്തോടെ സമർപ്പിക്കുന്നു.ഇതിന്റെ എഡിറ്റിങ്ങും ടൈപ്പിങ്ങും സെറ്റിങ്ങും നടത്തിയത് ഡയറ്റിലെ അധ്യാപക വിദ്യാർത്ഥികൾ തന്നെയാണ.*

എഡിറ്റർ

പത്രാധിപ സമിതി
സുപ്രിയ.പി.
നിഷാന.പി.കെ
ലിജിന.എം.പി
ശ്രീതു മാധവ്
മണികണ്ഠൻ.കെ.സി

സാങ്കേതിക സഹായം
രാമചന്ദ്രൻ.കെ ലക്ച്ചറർ
പി.എസ്.ടി.ഇ മലയാളം

# ബാല്യം



*ഓർക്കുന്നു ഞാനെൻ*
*ബാല്യകാലം*

*കൊഞ്ചി കളിച്ച*
*നടന്ന കാലം*
*ഇണങ്ങിയും*
*പിണങ്ങിയും നടന്ന*
*നേരം*
*സ്നേഹം എന്തെന്ന്*
*തിരിച്ചറിഞ്ഞ കാലം*
*ശാഠ്യം പിടിച്ച് നടക്കുമ്പോഴും*
*സ്വാന്ത്വനം നൽകിയ സോദരിമാർ*
*ഓർമയിൽ എന്നും ആ സുവർണകാലം*
*ഇനി എന്നു തിരിച്ചുകിട്ടുമാ വസന്തകാലം...*

*ആതിര പി.വി*
*ഡി.എഡ് രണ്ടാം വർഷം*

# എന്റെ കിനാവിൽ...

മറക്കാൻ ശ്രമിക്കവേ പിന്നയുംമെ
ന്നോർമകളിൽ നീ ചേക്കേറുന്നു.
വെറുക്കാൻ ശ്രമിക്കവെ പിന്നെയും
ഞാൻ നിന്നെ സ്നേഹിച്ചുപോകുന്നു.
അകലാൻ ശ്രമിക്കവെ പിന്നെയും
ഞാൻ നിന്നിലേയ്ക്കടുത്തുപോവുന്നു
എന്റെ ഏകാന്തതകളിൽ....
പാതി മയക്കങ്ങളിൽ.......
പകൽക്കിനാവുകളിൽ.......
പിന്നെയും നീ....
നീ..... മാത്രം..

നിത്യമോൾ.പി

# നിശയുടെ കൂട്ടുകാരി...

നിശയുടെ കൂട്ടായ്
ഞാനിരുന്നു...
ജനലഴികളിലൂടെ മിഴി
അലഞ്ഞു...
നിശയിൽ വിരിയും
പുഷ്പമോ?നിന്റെ
കൂട്ടുകാരി
അഴകിൻ
റാണിയാണോ?അവൾ
നിന്നിൽ വിരിയും
കൂട്ടുകാരി...



ഇന്നു ഞാൻ കണ്ടു അവളെ
അവളെന്നെക്കാൾ മനോഹരി
അഴകൊഴുകും ചിരിയും
കരിമിഴി ഇണയും
പൂവിതൾ തോൽക്കും വദനം
ഇനിയൊരു നാൾ വരുമോ എനിക്കു-
നിന്നിൽ അലിയാൻ
നിന്നിൽ വിരിയാൻ
നിന്റെ കൂട്ടു കാരിയായിടാൻ
യുഗങ്ങളായി ഞാൻ കാത്തിരിപ്പൂ-
നിന്നിലേക്കണയാൻ നിന്റെ കൂട്ടുകാരിയാകാൻ....

ഷമീമ സി.എച്ച്

# മാധുര്യം



'അമ്മ' രണ്ടക്ഷരമല്ല
ഒറ്റപ്പദമല്ല
ഉലികക്കിരയാകാനുള്ള
വെറും വിഷയമല്ല
നിറനോവിന്റെ
ആഴിയിൽ
നീന്തിക്കഴിഞ്ഞിട്ടും
നിറവാർന്ന ചിരിതൂകി നിൽക്കും വിളക്കാണ്
നിറസ്നേഹത്തിൻ പ്രതീകമായ്
സഹനത്തിൻ രാജ്ഞിയായ്
നിറവാർന്ന വഴികാട്ടും സ്നേഹത്തിൻ വഴികാട്ടി
മുലപ്പാലിൻ മാധുര്യം നുണഞ്ഞ മക്കളേ
ആ മാധുര്യം മനസിൽ കാക്കുക
നിന്നമ്മക്കായ് അറുക്കുക ആയിരം സൗരഭ്യപുഷ്പം

തസ്നി.പി.പി

# എന്റെ കൂട്ടുകാർ

കളിയും ചിരിയുമായ്
ഒത്തിരിക്കൂട്ടുകാർ
കലപിലക്കൂട്ടി
തിമിർക്കുന്ന
നാല്പതുകസേരകൾ
ആഗ്രഹിക്കവേ
പതുക്കെയും
ആഗ്രഹം വെടിയവേ
പായുന്ന-
സമയരഥത്തിന്റെ
തോഴൻ



ഇടയ്ക്കിടെ മാത്രം കളിക്കാൻ വരുന്ന-
കാറ്റിന്റെ തോഴനെ പഴിക്കുന്ന കൂട്ടുകാർ,
ഇടയ്ക്കിടെ കുത്തിപ്പിടിച്ചെഴുതുന്നവർ
ഇടയ്ക്കിടെ തല പുകയ്ക്കുന്നവർ,
പാറി പറക്കുന്ന, ചൂളംവിളിക്കുന്ന,
തേനീച്ചക്കൂട്ടങ്ങളാകുന്ന
എന്റെ കൂട്ടുകാർ.

മഞ്ജൂഷ.പി